പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1893** **11.02.2020-ൽ മറുപടിയ്ക്ക്**

**(റോഡ് നിർമ്മാണത്തിൽ തീരദേശ പരിപാലന നിയമത്തിന്റെ ലംഘനം)**

**ചോദ്യം**
**ശ്രീ. എം. വിൻസെന്റ് എം.എൽ.എ.**

**മറുപടി**
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡ് നിർമ്മാണത്തിൽ തീരദേശ പരിപാലന നിയമത്തിന്റെ ലംഘനം ഉണ്ടെന്ന് പരാതിപ്പെട്ട്,1157/പി.എസ്./എൽ.ഒ.പി./2019 പ്രകാരം മുഖ്യമന്ത്രിക്ക് ലഭിച്ച പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ; | (എ) | അഴൂർ ഗ്രാമപഞ്ചായത്തിലെ മാടൻവിള തോണിച്ചാൽ ഹോമിയോ ഡിസ്പെൻസറി റോഡ് നിമ്മാണത്തിൽ തീരദേശ പരിപാലന നിയമത്തിന്റെ ലംഘനം ഉണ്ടെന്ന് പരാതിപ്പെട്ട് മുഖ്യമന്ത്രിക്ക് ലഭിച്ച 1157/പി.എസ്./എൽ.ഒ.പി./2019 നമ്പർ പരാതിയിലെ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതി മുൻപാകെ WP(C) No. 993/2018 നമ്പർ കേസ് നിലവിലുള്ളതിനാൽ ടി റോഡിൽ യാതൊരുവിധ നിർമ്മാണപ്രവൃത്തിയും നടത്താൻ സാധിച്ചിട്ടില്ല. റോഡ് നിർമ്മാണം ആരംഭിക്കാത്ത സാഹചര്യത്തിൽ തീരദേശ പരിപാലന നിയമത്തിന്റെ ലംഘനം ഉണ്ടായിട്ടില്ല |
| (ബി) | ഈ റോഡ് നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലം തോട് നികത്തിയതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു, വ്യക്തമാക്കാമോ? | (ബി) | ഈ റോഡ് നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം തോട് നികത്തി കയ്യേറിയതല്ലായെന്ന് ചിറയിൻകീഴ് തഹസിൽദാർ (ഭൂരേഖ) റിപ്പോർട്ട് നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**